പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1961 *16.06.2014*-ൽ മറുപടിക്ക്

തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം

ചോദ്യം

ശ്രീ. പി. കെ. ബഷീർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണം നടത്തിയത് ആരാണ്; | (എ) | കേരളാ ട്രാൻസ്പോർട്ട് ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ആണ്. |
| (ബി) | ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടും പണി പൂർത്തിയാകാതെ ടി സ്ഥാപനം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം സംഭവിച്ചതിന്റെ കാരണം എന്താണ്; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പണി പൂർത്തിയാകാത്തത് കെ.റ്റി.ഡി.എഫ്.സി.യുടെ നിയന്ത്രണത്തിലല്ലാത്ത കാരണങ്ങളാലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതായ സ്ഥലം പൂർണമായും കമ്പനിക്ക് വിട്ടുനൽകാത്തതിനാലാണ് ബസുകൾ പുതിയ ടെർമിനലിലേയ്ക്കും ഗ്യാരേജിലേയ്ക്കും കയറേണ്ട ഭാഗത്തെ പണി പൂർത്തിയാക്കുവാൻ സാധിക്കാത്തത്. പുതിയ ടെർമിനലിന്റെ പുറകിൽ പഴയ ബസ് സ്റ്റേഷനിലേക്കും ഗ്യാരേജിലേയ്ക്കും ബസുകൾ പോകുന്നത് ഈ സ്ഥലത്തു കൂടെയാണ്. കൂടാതെ ഈ ഭാഗത്ത് കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കെ.എസ്.യു.ഡി.പിക്ക് കഴിയാതിരിക്കുന്നതും പ്രസ്തുത ജോലിക്ക് തടസമാണ്. ഈ ഭാഗത്ത് റോഡിന്റെയും ഡിസെംബാർക്കിംഗ് പ്ലാറ്റ് ഫോമിന്റെയും ഗ്യാരേജിനു സമീപത്തുള്ള ബസ് പാർക്കിംഗ് ഏരിയായുടെയും പണികൾ സാവധാനത്തിലെ പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തിയ നിർമ്മാണത്തിന്റെ എഗ്രിമെന്റ് ആരൊക്കെ തമ്മിലായിരുന്നു; അതിന്റെ വിശദാംശം നൽകാമോ; പ്രസ്തുത എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ബി.ഒ.ടി അടിസ്ഥാനത്തിൽ നടത്തിയ നിർമ്മാണത്തിന്റെ കരാർ:-<br>• സിവിൽ പണികൾ:- ഹാരിസൺസ് മലയാളം ലിമിറ്റഡ് ഉം കെ.റ്റി.ഡി.എഫ്.സി.യും തമ്മിലായിരുന്നു കരാർ.<br>കരാർ നമ്പർ. 10/BOTP/KTDFC/2008 dated 28.01.2010<br>• ഇലക്ട്രിക്കൽ പണികൾ:- വി.ടെക് ഇലക്ട്രിക് (P) ലിമിറ്റഡ് ഉം കെ.റ്റി.ഡി.എഫ്.സി.യും തമ്മിലായിരുന്നു കരാർ.<br>കരാർ നമ്പർ. 11/BOTP/KTDFC/2009 dated 12.04.2010<br>• ലിഫ്റ്റിന്റെ പണികൾ:- ജോൺസൺസ് ലിഫ്റ്റ്സ് (P) ലിമിറ്റഡ് ഉം കെ.റ്റി.ഡി.എഫ്.സി.യും തമ്മിലായിരുന്നു കരാർ.<br>കരാർ നമ്പർ. 15/BOTP/KTDFC/2011 dated 30.05.2012<br>എഗ്രിമെന്റിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്